LIBRARY ARCHIVES Kerala Legislative Assembly

മാമ്പുഴ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കാൻ നടപടി

297(4584) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും, ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത പദ്ധതിയുടെ ടൂറിസം വികസന സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കോഴിക്കോട് ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മദ്യനയം വിനോദസഞ്ചാര മേഖലയിൽ വരുത്തുന്ന നഷ്ടം

298(4585) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്കുള്ള ലൈസൻസ് റദ്ദു ചെയ്യുന്നതുകൊണ്ട് വിനോദസഞ്ചാര മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇത് വിനോദസഞ്ചാരമേഖലയ്ക്ക് ഉദ്ദേശം എത്ര നഷ്ടം വരുത്തുമെന്നത് വെളിപ്പെടുത്താമോ;

(സി) വിനോദസഞ്ചാര മേഖലയെ ബാധിക്കാത്ത രീതിയിൽ മദ്യനയത്തിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിലയിരുത്തിക്കൊണ്ടിരിക്കുന്നു.

(ബി & സി) ഇക്കാര്യത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയതിനുശേഷം പരിശോധിക്കുന്നതാണ്.

പൊന്നാനി മണ്ഡലത്തിലെ ടൂറിസം പദ്ധതി

299(4586) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി കൂടാതെ മറ്റേതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ;